കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ത്രിവത്സര ഡിപ്ലോമക്കാർക്ക് വി.എച്ച്.എസ്.ഇ. ഇൻസ്ട്രക്ടർ നിയമനം

122 [1532] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ത്രിവൽസര ഡിപ്ലോമ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ.-യിൽ ഇൻസ്ട്രക്ടർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നൽകിയിട്ടുണ്ടോ;

(ബി) വി.എച്ച്.എസ്.ഇ.-യിൽ ഇപ്പോൾ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിന് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത എന്താണ്;

(സി) പ്രസ്തുത സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ത്രിവൽസര ഡിപ്ലോമ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ.-യിൽ ഇൻസ്ട്രക്ടർ തസ്തികയിൽ അപേക്ഷിക്കാൻ ഈ ഉത്തരവുമൂലം അവസരം നിഷേധിക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വി.എച്ച്.എസ്.ഇ.-യിലെ 43 വിഷയങ്ങൾക്ക് ഓരോന്നിനും പ്രത്യേക വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികകളുണ്ട്. ഓരോ തസ്തികയ്ക്കും നിയമനത്തിന് അപേക്ഷിക്കുവാനുള്ള അടിസ്ഥാനയോഗ്യതകൾ കേരള വൊക്കേഷണൽ എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ റൂൾ 4(2) ആയി വിശദീകരിച്ചിട്ടുണ്ട്. റൂൾ അനുബന്ധമായി വച്ചിരിക്കുന്നു.†

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ ത്രിവത്സര ഡിപ്ലോമ മാത്രം പാസ്സായ ഉദ്യോഗാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ.-യിൽ ഇൻസ്ട്രക്ടർ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ കഴിയുകയില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly